പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6277 | 08.07.2014 ൽ മറുപടിക്ക്

## സോഷ്യൽ മീഡിയായിലൂടെയുള്ള അപകീർത്തിപ്പെടുത്തൽ

**ചോദ്യം**

ശ്രീ. തേറമ്പിൽരാമകൃഷ്ണൻ
" ഡൊമിനിക് പ്രസന്റേഷൻ
" പി.സി. വിഷ്ണുനാഥ്
" എ.റ്റി. ജോർജ്

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) സോഷ്യൽ മീഡിയായിലൂടെയുള്ള അപകീർത്തിപ്പെടുത്തലിനെ നേരിടാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(എ) സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചും, ഭവിഷ്യത്തുകളെ കുറിച്ചും അവബോധം നൽകുന്നതിനായി സന്നദ്ധ സംഘടനകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. പ്രസ്തുത പരാതികൾ അന്വേഷിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി ആധുനിക സൌകര്യങ്ങളോടുകൂടി തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനും, ഒരു ഹൈടെക് ക്രൈം എൻക്വയറി സെല്ലും, 19 പോലീസ് ജില്ലകളിലായി ജില്ലാ സൈബർ സെല്ലുകളും പ്രവർത്തിച്ചുവരുന്നു.

(ബി) നിലവിലുള്ള ഏതെല്ലാം നിയമങ്ങൾ പ്രകാരമാണ് അപകീർത്തിപ്പെടുത്തലിനെ നേരിടാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇന്ത്യൻ പീനൽകോഡ്, ഇൻഫർമേഷൻ ടെക്നോളജി ആക്ട് എന്നിവ പ്രകാരം അപകീർത്തി സംബന്ധമായ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | അപകീർത്തി സൃഷ്ടിക്കുന്ന ആളെ കണ്ടെത്തുന്നതിനും കേസ്സെടുക്കുന്നതിനും നിലവിലുള്ള നിയമങ്ങൾ കൂടുതൽ ശക്തമാക്കാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുമോ; വിശദമാക്കുമോ; | (സി) യും (ഡി) യും | നിലവിലെ നിയമങ്ങൾ അപര്യാപ്തമാണ്. നിയമങ്ങൾ കൂടുതൽ ശക്തമാക്കാൻ കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെടുന്ന കാര്യം അലോചിച്ചുവരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | | |

സെക്ഷൻഓഫീസർ